**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **13-09-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി പ്രകാരം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ പരിശോധന, പുനപരിശോധന, ഒന്നും രണ്ടുംഘട്ട അപ്പീലുകൾ പൂർത്തിയാക്കി ഗ്രാമസഭ/ വാർഡുസഭ അംഗീകാരം, തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരം എന്നിവയോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | തദ്ദേശസ്ഥാപനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കൂത്തുപറമ്പ്കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ലൈഫ് 2020പദ്ധതിക്ക് അർഹതയുള്ളവർ | | |
|---|---|---|---|
| | ഭവനരഹിതർ | ഭൂരഹിതർ | ആകെ |
| കൂത്തുപറമ്പ് നഗരസഭ | 9 | 42 | 51 |
| പാനൂർ നഗരസഭ | 20 | 11 | 31 |
| കോട്ടയം ഗ്രാമപഞ്ചായത്ത് | 73 | 27 | 100 |
| കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | 80 | 3 | 83 |
| പാട്ട്യം ഗ്രാമപഞ്ചായത്ത് | 168 | 13 | 181 |
| തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 141 | 2 | 143 |
| മൊകേരി ഗ്രാമപഞ്ചായത്ത് | 60 | 18 | 78 |
| **ആകെ** | **551** | **116** | **667** |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ | (സി) | 27/07/2020 ലെ.സ.ഉ(കൈ) നം.112/2020/തസ്വഭവ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം ആളുകൾക്ക് അവസരം നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വിശദമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത മണ്ഡലത്തിൽ യഥാസമയം വീട് നിർമ്മാണം പൂർത്തീകരിച്ചവർക്ക് ഘട്ടം ഘട്ടമായി നൽകുന്ന തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഇ) | സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫണ്ടഭ്യർത്ഥന നടത്തിയിട്ടുള്ള ഗുണഭോക്താക്കൾക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത മണ്ഡലത്തിലെ ലിസ്റ്റിൽ നിന്നും ആദ്യ വർഷം എത്ര ഗുണഭോക്താക്കൾക്ക് വീട് ലഭിക്കുമെന്നും ബാക്കിയുള്ളവർക്ക് എപ്പോഴാണ് ലഭിക്കുകയെന്നും വ്യക്തമാക്കുമോ? | (എഫ്) | 2022-23 സാമ്പത്തിക വർഷം (ലിസ്റ്റ് തയ്യാറാക്കിയ ആദ്യ വർഷം) 237ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുടർന്ന് ഭവന നിർമ്മാണാനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ